(സി) വയനാട് ജില്ലയിൽ കൽപ്പറ്റ നഗരസഭയ്ക്ക് വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. നഗരസഭ പ്രദേശത്തിന്റെ ഭൂവിനിയോഗ സർവ്വേ, നഗരസഭാ പ്രദേശത്തെ സാമൂഹിക സാമ്പത്തിക സർവ്വേ, അടിസ്ഥാന ഭൂപട നിർമ്മാണം, GPS സർവ്വേ എന്നിവ പൂർത്തിയായിട്ടുണ്ട്. കൂടാതെ നഗരസഭയിലെ ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ സർവ്വേ ചെയ്യുന്നതിന് NATPAC-നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

ചാലയിലെ നടപ്പാതകൾ നവീകരിക്കുന്ന പദ്ധതി

155 (4779) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര പുനരുദ്ധാരണ പദ്ധതിക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷന്റെ കീഴിൽ തിരുവനന്തപുരം നഗരത്തിലെ ചാലയിലെ നടപ്പാതകൾ നവീകരിക്കുന്നതിന് രൂപം നൽകിയ പണികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഇവിടെ എന്തൊക്കെ വികസന പരിപാടികളാണ് വിഭാവന ചെയ്തിരുന്നതെന്നറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് ആകെ എത്ര കോടി രൂപയാണ് വകകൊള്ളിച്ചിരുന്നത് ; ഇതിന് എന്ത് കേന്ദ്ര സഹായമാണ് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ ഏറ്റവും തിരക്കേറിയ ചാല പ്രദേശത്തെ നടപ്പാതകൾ നവീകരിക്കുന്നതിനായി വിശദമായ പദ്ധതിരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ജെ.എൻ.എൻ.യു.ആർ.എം.-ന്റെ സുസ്ഥിര നഗര ഗതാഗത പദ്ധതിയിൽ ഉൾപ്പെടുത്തി ചാലയുടെ നടപ്പാത നവീകരണം നടപ്പാക്കുകയാണ് ലക്ഷ്യം. കിള്ളിപ്പാലം മുതൽ ഗാന്ധിപാർക്ക് വരെയുള്ള 1.5 കി.മീറ്റർ ദൂരം റോഡിന്റെ ഇരുവശത്തും ഇന്റർ ലോക്കിംഗ് ടെറാടൈൽ പാകി നടപ്പാതകൾ നിർമ്മിക്കുക, ചെടികളും മരങ്ങളും വച്ച് നിരത്തുവക്ക് മോടിപിടിപ്പിക്കുക, വാഹനങ്ങൾ പാർക്ക് ചെയ്യാൻ പ്രത്യേക സ്ഥലം കണ്ടെത്തി സംവിധാനം ഉണ്ടാക്കുക എന്നിവ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ആര്യശാലയിലും മഹാത്മാഗാന്ധി റോഡിന് കുറുകെ കിഴക്കേകോട്ടയിലും കാൽനടയാത്രയ്ക്ക് സബ്വേ നിർമ്മിക്കാനും പദ്ധതിയിൽ നിർദ്ദേശമുണ്ട്. ഇതോ

LIBRARY ARCHIVES Kerala Legislative Assembly

ടാപ്പം വൈദ്യുതി വെളിച്ച സംവിധാനം മെച്ചപ്പെടുത്താനും പദ്ധതി ലക്ഷ്യ മിടുന്നുണ്ട്. തമ്പാനൂർ സെൻട്രൽ ബസ് സ്റ്റേഷനേയും ചാലക്കമ്പോളത്തേയും ബന്ധിപ്പിച്ച് 8 മീറ്റർ വീതിയിലും 5.76 മീറ്റർ നീളവുമുള്ള ഒരു നടപ്പാലം നിർമ്മിക്കുന്നതിനുംവേണ്ടി പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. സബ്‌വേ, നടപ്പാതകൾ, മേൽപ്പാലം എന്നിവയുടെ വശങ്ങളിൽ പരസ്യബോർഡുകൾ, പാർക്കിംഗ് ഫീസ്, കടവാടക എന്നീ ഇനങ്ങളിൽ നിന്ന് തിരുവനന്തപുരം നഗരസഭയ്ക്ക് പ്രതിവർഷം 2.48 കോടി രൂപയുടെ അധിക വരുമാനവും പദ്ധതി ലക്ഷ്യമിടുന്നു.

(സി) കേരളം കേന്ദ്രസർക്കാരിനു സമർപ്പിച്ച വിശദമായ പദ്ധതി രേഖയിൽ 42.561 കോടി രൂപയാണ് പദ്ധതി അടങ്കലായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 26.968 കോടി രൂപ കേന്ദ്ര വിഹിതമായിട്ടാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(ഡി) കേന്ദ്ര സർക്കാർ പദ്ധതി അംഗീകരിച്ച് കേന്ദ്ര വിഹിതം അനുവദിക്കുന്ന മുറയ്ക്ക് പദ്ധതി നിർവഹണത്തിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

സംയോജിത ചേരി വികസന പദ്ധതി

156 (4780) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത ചേരി വികസന പദ്ധതി സംസ്ഥാനത്തെ എത്ര നഗരസഭകളിലാണ് നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഒറ്റപ്പാലം നഗരസഭ ഉൾപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം നഗരസഭയിൽ എത രൂപ ചെലവഴിച്ചു ; എത്ര പേർക്ക് ഗുണം ലഭിച്ചു ; എത്ര വീടുകളാണ് നിർമ്മിച്ചത് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംയോജിത ഭവന നിർമ്മാണ ചേരി വികസന പദ്ധതി (ഐ.എച്ച്.എസ്.ഡി.പി) സംസ്ഥാനത്തെ 45 നഗരസഭകളിലാണ് നടപ്പിലാക്കിവരുന്നത്.

(ബി) ഉണ്ട്.

(സി) ഐ.എച്ച്.എസ്.ഡി.പി. (ഒന്നാം ഘട്ടം) പദ്ധതി പ്രകാരം ഒറ്റപ്പാലം നഗരസഭ 2010 ജൂൺ മാസം വരെ 548.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 577 പേർക്ക് ഗുണം ലഭിച്ചിട്ടുണ്ട്. 183 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly